# പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.257 12.01.2021 ൽ മറുപടിക്ക്

ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ. ബി.ഡി.ദേവസ്സി: | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി ചാലക്കുടി മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിൽ എന്തെല്ലാം സൗകര്യങ്ങളാണ് കൂടുതലായി എർപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കാമോ? | (എ) | ചാലക്കുടി മണ്ഡലത്തിലെ താഴെ പറയുന്ന ആരോഗ്യകേന്ദ്രങ്ങളിൽ ഏർപ്പെടുത്തിയ സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു<br>1) താലൂക്കാസ്ഥാന ആശുപത്രി, ചാലക്കുടി<br>ആർദ്രം പദ്ധതിയുടെ ഭാഗമായി ചാലക്കുടി താലൂക്കാസ്ഥാന ആശുപത്രിയിൽ താഴെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചു. |

| ക്രമ നം | തസ്തികകൾ | എണ്ണം |
|---|---|---|
| 1 | ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) | 1 |
| 2 | കാഷ്വാലിറ്റി മെഡിക്കൽ ആഫീസർ | 2 |
| 3 | സ്റ്റാഫ് നഴ്സ് | 3 |
| 4 | ലാബ് ടെക്നീഷ്യൻ | 1 |
| 5 | മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ | 1 |
| 6 | ഡയാലിസിസ് ടെക്നീഷ്യൻ | 2 |
| 7 | ഇ.സി.ജി ടെക്നീഷ്യൻ | 1 |
| 8 | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II | 2 |

2) കുടുംബാരോഗ്യ കേന്ദ്രം, മേലൂർ

ആർദ്രം പദ്ധതിയുടെ ഭാഗമായി മേലൂർ എഫ്.എച്ച്.സി 06.10.2020 ന് ബഹു.കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം നിർവ്വഹിച്ചു. ഇവിടെ ഒരു

| | | | |
|---|---|---|---|
| | | | ഡോക്ടറുടെ പുതിയ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ലാബ് പ്രവർത്തിച്ചു തുടങ്ങി. ഈവനിംഗ് ഒ.പി യും ആരംഭിച്ചു. ഈവനിംഗ് ഒ.പിക്കായി പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ഡോക്ടർ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നിവരെ നിയമിച്ചു. നിലവിലുള്ള കെട്ടിടം നവീകരിക്കുകയും കുടുംബാരോഗ്യകേന്ദ്രത്തിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു. ഇതിനായി 15.5 ലക്ഷം രൂപ ആർദ്രം ഫണ്ടും, 8.5 ലക്ഷം ഗ്രാമപഞ്ചായത്ത് ഫണ്ടും ഉപയോഗിച്ചു.<br><br>3) <u>കുടുംബാരോഗ്യ കേന്ദ്രം, നാലുകെട്ട്</u><br><br>ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ചാലക്കുടി മണ്ഡലത്തിലെ നാലുകെട്ട് എഫ്.എച്ച്.സി 06.10.2020 ന് ഉദ്ഘാടനം ചെയ്തു. ഇവിടെ ഒരു ഡോക്ടർ, ഒരു ലാബ് ടെക്നീഷ്യൻ എന്നിവരുടെ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇവിടെ എൻ.എച്ച്.എം 15.50 ലക്ഷം രൂപ ചെലവഴിച്ച് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.<br><br>4) <u>കുടുംബാരോഗ്യ കേന്ദ്രം, വെറ്റിലപ്പാറ</u><br><br>ആർദ്രം പദ്ധതിയുടെ ഭാഗമായി രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 06.10.2020 ന് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉദ്ഘാടനം ചെയ്തു. ബഹു. ചാലക്കുടി എം.എൽ.എ ശ്രീ ബി.ഡി.ദേവസ്സി നിർമ്മാണ പ്രവർത്തനങ്ങൾക്കായി 65 ലക്ഷം രൂപ അനുവദിക്കുകയും കോസ്റ്റ്ഫോർഡ് മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ആർദ്രം പദ്ധതിയുടെ ഭാഗമായി ഇവിടെ അസിസ്റ്റന്റ് സർജൻ, സ്റ്റാഫ് നഴ്സ് എന്നീ അധിക തസ്തികകൾ സൃഷ്ടിച്ചു. പഴയ കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ നടത്തുകയും, റീ ഇലക്ട്രിഫിക്കേഷൻ |

| | | | |
|---|---|---|---|
| | | | നടത്തുകയും ചെയ്തിട്ടുണ്ട്. ലാബ്, ഫാർമസി എന്നിവ നവീകരിച്ചു. മലക്കപ്പാറ സബ് സെന്റർ, വെൽനസ് സെന്റർ ആയി ഉയർത്തി. ഇവിടെ ആർദ്രം പദ്ധതിയുടെ ഭാഗമായി സായാഹ്ന ഒ.പി തുടങ്ങിയിട്ടുണ്ട്.<br><br>5) <u>കുടുംബാരോഗ്യ കേന്ദ്രം പരിയാരം</u><br><br>ആർദ്രം പദ്ധതിയുടെ ഭാഗമായി ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്ത എഫ്.എച്ച്.സി പരിയാരത്ത് ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നിവരുടെയും ഒരു ഫാർമസിസ്റ്റിന്റെയും അധിക തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ലാബിലേക്കുള്ള ഉപകരണങ്ങൾ, ടി.വി, വെയ്റ്റിംഗ് ഏരിയ, ഒ.പി കൗണ്ടർ തുടങ്ങിയ എഫ്.എച്ച്.സി-ക്ക് വേണ്ടിയുള്ള നിർമ്മാണ പ്രവർത്തികൾ നടത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് മുഖേന അനുവദിച്ച 5 ലക്ഷം രൂപയിൽ നിന്നും സ്ത്രീകൾക്കും പുരുഷൻമാർക്കും വേർതിരിച്ച് ശൗചാലയം നിർമ്മിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്.<br><br>6) <u>പ്രാഥമികാരോഗ്യ കേന്ദ്രം കാട്ടുകുറ്റി (കക്കാട്)</u><br><br>ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട കാട്ടുകുറ്റി എഫ്.എച്ച്.സി ഓഗസ്റ്റ് 2019 ന് ഉദ്ഘാടനം ചെയ്തു. ഇവിടെ എൻ.എച്ച്.എം ഫണ്ട് മുഖേന ലഭ്യമായ 15.50 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തികൾ നിർമ്മിതി കേന്ദ്രം മുഖേന നടത്തിയിട്ടുണ്ട്. ഇവിടെ ലാബ് ടെക്നീഷ്യന്റെ ഒരു അധിക തസ്തിക സൃഷ്ടിച്ചുട്ടുണ്ട്. പുതിയ ലാബ് തുടങ്ങിയിട്ടുണ്ട്. പഞ്ചായത്ത് മുഖേന ഒരു ഫാർസിസ്റ്റിനെ നിയമിച്ചിട്ടുണ്ട്. നവീകരിച്ച ഒ.പി കെട്ടിടം, രോഗികൾക്കായി വെയിറ്റിംഗ് ഏരിയ മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്<br><br>7) <u>കുടുംബാരോഗ്യ കേന്ദ്രം കൊടകര</u><br><br>ആർദ്രം രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| | | | കൊടകര എഫ്.എച്ച്.സി ആക്കി 2019 ഓഗസ്റ്റ് 3 ന് ഉദ്ഘാടനം ചെയ്തു. ആർദ്രം പദ്ധതിയുടെ ഭാഗമായി ഇവിടെ എൻ.എച്ച്.എം കോസ്റ്റ് ഫോർഡ് മുഖേന 15.50 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഒ.പി രജിസ്ട്രേഷൻ കൗണ്ടർ, പ്രതിരോധ കുത്തിവെയ്പ്, മുറി നവീകരണം, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ബയോമെഡിക്കൽ മാലിന്യ ശേഖരണ മുറി, പുനരുദ്ധാരണ ലാബ്, കോൺഫറൻസ് ഹാൾ പുതുക്കി പണിയൽ, ഗേറ്റ്, ചുറ്റുമതിൽ പുനർനിർമ്മാണം മുതലായവ നടത്തിയിട്ടുണ്ട്. |

Hari

സെക്ഷൻ ഓഫീസർ